**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3643** **14-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ സ്പോർട്സ് സ്കൂളുകളും സ്പോർട്സ് ഡിവിഷനുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന് സംസ്ഥാനത്ത് പുതിയ സ്പോർട്സ് സ്കൂളുകളോ നിലവിലെ സ്കൂളുകളിൽ പുതിയ സ്പോർട്സ് ഡിവിഷനുകളോ സ്പോർട്സ് അക്കാദമിയോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | **സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിന് സംസ്ഥാനത്ത് പുതുതായി തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. മധ്യകേരളത്തിലെ കായിക കുതിപ്പിന് കരുത്ത് പകരുക എന്നതാണ് കുന്നംകുളം ആസ്ഥാനമാക്കി സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഏഴ്, എട്ട് ക്ലാസ്സുകളിലായി 30 വീതം വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് ഈ അധ്യായന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്ത് ആകെയുള്ള സ്പോർട്സ് സ്കൂളുകളുടേയും ഡിവിഷനുകളുടേയും വിവരങ്ങൾ അറിയിക്കാമോ; മലപ്പുറം ജില്ലയിൽ നിലവിൽ സ്പോർട്സ് സ്കൂളുകളോ സ്പോർട്സ് ഡിവിഷനുകളോ സ്പോർട്സ് അക്കാദമികളോ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **സംസ്ഥാനത്ത് ആകെയുള്ള സ്പോർട്സ് സ്കൂളുകളുടേയും, ഡിവിഷനുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**<u>ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം</u>**<br><br>**കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂളായ ജി.വി.രാജ സ്പോർട്സ് സ്കൂൾ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2018ൽ കായിക വകുപ്പ് ഏറ്റെടുത്തതിനെ തുടർന്ന് സിന്തറ്റിക് ആസ്ട്രോ ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ (2 എണ്ണം) നിർമ്മാണം, അഡ്മിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ, സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ സജ്ജമാക്കുന്ന പ്രവൃത്തികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**<u>കണ്ണൂർ സ്പോർട്സ് ഡിവിഷൻ</u>** |

| | | | |
|---|---|---|---|
| | | | **കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായിക താരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ച് വരികയാണ്. ഈ ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു കിച്ചൺ ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്.**<br><br>**കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കായിക താരങ്ങൾക്ക് പഠന സൗകര്യം നൽകി വരുന്നത് കണ്ണൂർ ജി.എച്ച്.എസ് സ്കൂളിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സ്കൂൾ കായിക വകുപ്പ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ പുതിയ കായിക സൗകര്യങ്ങൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്.**<br><br>**സ്പോർട്സ് ഡിവിഷൻ, കുന്നംകുളം, തൃശ്ശൂർ**<br><br>**തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ 23.04.2022ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ചുവടെ പറയും പ്രകാരം ജില്ലാ സ്പോർട്സ് അക്കാഡമി, സ്കൂൾ സ്പോർട്സ് അക്കാഡമി, കോളേജ് സ്പോർട്സ് അക്കാഡമി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.**<br><br>**1) മഞ്ചേരി ജില്ലാ സ്പോർട്സ് അക്കാഡമി (അത്‌ലറ്റിക്, ബാസ്കറ്റ്ബോൾ, ഹോക്കി)**<br><br>**2) നിറമരുതൂർ ജില്ലാ സ്പോർട്സ് അക്കാഡമി (ഖോ-ഖോ,)**<br><br>**3) പൊന്നാനി ജില്ലാ സ്പോർട്സ് അക്കാഡമി (കനോയിംഗ് & കയാക്കിംഗ്, കബഡി)**<br><br>**4) എം.ഇ.എസ് കോളേജ് മമ്പാട്, കോളേജ് സ്പോർട്സ് അക്കാഡമി (ഫുട്ബോൾ)**<br><br>**5) ഇ.എം.ഇ.എ കോളേജ് കൊണ്ടോട്ടി, കോളേജ് സ്പോർട്സ് അക്കാഡമി (വോളീബോൾ & വെയ്റ്റ് ലിഫ്റ്റിംഗ്)** |
| (സി) | നിലമ്പൂർ ഗവ. മാനവേദൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ പുതിയ സ്പോർട്സ് ഡിവിഷനോ സ്പോർട്സ് അക്കാദമിയോ | (സി) | **ഇപ്പോൾ പരിഗണനയിലില്ല** |

| | | | |
|---|---|---|---|
| | അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്കൂൾ സ്റ്റേഡിയം നിർമ്മാണ ഉദ്ഘാടന വേളയിലെ അന്നത്തെ കായിക മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ